# ഹനുമാൻ കോവിലും ക്രൈസ്റ്റ് ചർച്ചും

ഡി. ബാബു പോൾ

അപ്പന്റെയും അമ്മയുടെയും ചരിത്രവഴിയിൽ കാണുന്ന മുദ്രകൾവെച്ച് നോക്കിയാൽ ഞാൻ ഒരു വൈദികൻ ആകേണ്ടിയിരുന്നതാണ്. വഴി ഏതാണ്ട് അടുത്തുവരെ എത്തിയതുമാണ്. രാത്രിർ ഗ മിഷ്യതി ഭവിഷ്യതി സുപ്രഭാതം എന്ന് സംസ്കൃതത്തിലും രാവിപ്പോൾ ക്ഷണമങ്ങൊടുങ്ങിടും ഉഷസ്സെങ്ങും പ്രകാശിച്ചിടും എന്ന് ശ്രേഷ്ഠമലയാളത്തിലും തുടങ്ങുന്ന ആ പ്രശസ്ത ശ്ലോകത്തിൽ പരാമർശിക്കപ്പെടുന്ന വണ്ടിന് ആന അദൃശ്യനായിരുന്നു. നളിനീം ഗജ ഉജ്ജഹാര. വിഴുതാൻ ദന്തീന്ദ്രനാപത്മിനീം. ഞാൻ പറക്കമുറ്റിയ കൃത്യം നേരത്ത് എന്റെ പിതൃസഹോദരൻ ഡോ. ഏബ്രഹാം ഓക്സ്ഫെഡിൽ, സി.എസ്. ലൂയിസ് ലോഡ്സെസിൽ തുടങ്ങിയവരുടെ ശിക്ഷണത്തിലും ടി.എസ്. എലിയട്ടിനെപ്പോലുള്ളവരുമായുള്ള സമ്പർക്കത്തിലും മൂന്ന് സംവത്സരങ്ങൾ കഴിച്ചുകൂട്ടിയശേഷം എം.ലിറ്റ് (ഓക്സൺ) ബിരുദവുമായി മടങ്ങിയെത്തി.

വീട്ടിൽനിന്ന് ഏറെ അകലെയല്ലാത്ത യു.സി. കോളേജിൽ അധ്യാപകനായി. ആലുവാ കോളേജിൽ ഇംഗ്ലീഷുകാരും നാട്ടുകാരുമായ വൈദികർ അധ്യാപകരായി ഉണ്ടായിരുന്നെങ്കിലും ജീവിതത്തിൽ ക്രൈസ്തവമൂല്യങ്ങൾ സൂക്ഷിക്കുന്ന വിദ്യാസമ്പന്നരായ ഭാരതീയരെ സൃഷ്ടിക്കുന്നതാണ് ക്രൈസ്തവ വൈദികരെ സൃഷ്ടിക്കുന്നതിനെക്കാൾ പ്രധാനം എന്നതായിരുന്നു പ്രധാന ചിന്താധാര.

ഗാന്ധിജിയിലും ഭാരതീയതയിലും ഒപ്പം ആകൃഷ്ടരായി മതപരിവർത്തനത്തെ വിളിപ്പാടകലെ നിർത്തുന്നതായിരുന്നു സ്ഥാപകപിതാക്കന്മാരുടെ സമ്പ്രദായം. പി.ജി.യെയും പി.കെ.വി.യെയും സൃഷ്ടിച്ച അന്തരീക്ഷം. എന്റെ കൊച്ചപ്പൻ വൈദികനായിരുന്നുവെങ്കിലും ആ കളസം ഒരു ബാധ്യതയായി കണ്ടിരുന്ന വ്യക്തിയാണ്. അച്ഛനാകട്ടെ താൻ പന്ത്രണ്ടാംവയസ്സിൽ സ്വീകരിച്ച പാരതന്ത്ര്യം വരിക്കേണ്ടതുണ്ടോ എന്ന് മകൻ വിദ്യാഭ്യാസം കഴിഞ്ഞ് സ്വയം തീരുമാനിച്ചുകൊള്ളട്ടെ എന്ന് ചിന്തിച്ച ഉല്പതിഷ്ണു. ചുരുക്കിപ്പറഞ്ഞാൽ പതിനഞ്ചാംവയസിൽ എന്നെ ഒരു ശെമ്മാശനാക്കി, കോട്ടയത്ത് ബാക്കിയുണ്ടായിരുന്ന വീട്ടിൽ ഒപ്പം താമസിപ്പിച്ച് സീയെമ്മെസ് കോളേജിൽ പഠിപ്പിക്കാം എന്നൊക്കെ കോട്ടയത്തുകാരിയും എരുത്തിക്കൽ കുടുംബാംഗവും ആയ മാതാമഹി താലോലിച്ച സ്വപ്നങ്ങൾ താമരപ്പൂള്ളിൽപ്പെട്ട വണ്ടായി പരിണമിച്ചു.

ഭാരതീയതയും ക്രൈസ്തവാധ്യാത്മികതയും സമഞ്ജസമായി സമ്മേളിച്ച മാനസികാവസ്ഥ എനിക്ക് കുറുപ്പംപടിയിലെ വീട്ടിൽനിന്ന് തന്നെ കിട്ടിയതാണ്. മർത്ത്മറിയം പള്ളിയാണ് എന്റെ ദേവാലയം എന്ന അറിവിനൊപ്പം ഇരിങ്ങോൾകാവിലെ ഭഗവതിയും രായമംഗലം കൂട്ടുമഠത്തിലെ സുബ്രഹ്മണ്യനും കാവിലെ ആനയും കൂട്ടുമഠം അമ്പലവളപ്പിലെ മയിലും എന്റെ സ്വന്തംതന്നെ ആണെന്ന ചിന്തയായിരുന്നു ആ മനസ്സിന്റെ ബലം. പള്ളിവക സ്കൂളിൽ പള്ളിപ്പെരുന്നാളിന് മാത്രം ആയിരുന്നില്ല അവധി. കൂട്ടുമഠത്തിലെ ഉത്സവവും ഒഴിവുനാൾ തന്നെ. ശബരിമലയ്ക്ക് മാലയിടുന്നവർക്ക് ഹാജർ കളയാതെ പോകാൻ അവധി അനുവദിച്ചിരുന്നു. അന്നൊക്കെ അത് അഞ്ചാറുദിവസത്തെ (ഏറെയോ) യാത്രയാണല്ലോ.

ഈ പശ്ചാത്തലം തെളിയിക്കുന്ന മറ്റൊരു സംഗതി കൂടെ പറയാം. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യംവരെ കേരളത്തിൽ ഓരോ പ്രദേശത്തിനും ഓരോ സമുദായത്തിനും ഓരോ മലയാളം ആയിരുന്നു. കിങ്ജെയിംസ് വെർഷൻ വിവർത്തനം ചെയ്യാൻ നിയുക്തനായ തഹശീൽദാർ ചാത്തുമേനോന് ആദ്യം നിശ്ചയിക്കാനുണ്ടായിരുന്നത് ബൈബിൾ ഇതിൽ ഏത് മലയാളം സ്വീകരിക്കണം എന്നതായിരുന്നു. ചങ്ങനാശ്ശേരി തൊട്ട് വടക്കോട്ടുള്ള തിരുവിതാംകൂറിൽ നായന്മാരും സുറിയാനി ക്രിസ്ത്യാനികളും ഉപയോഗിക്കുന്ന മലയാളഭാഷ ഒന്നുതന്നെ– രണ്ട് സമുദായങ്ങൾ, ഒരു പ്രദേശം, ഒരു പൊതുഭാഷ– ആണ് എന്ന് കണ്ടെത്തി ആയത് പരിഭാഷയ്ക്ക് നിർദേശിച്ചത് ഒറ്റപ്പാലത്ത് ജനിച്ച് തിരുവിതാംകൂറിൽ തഹശീൽദാരായ ഈ ചാത്തുമേനോൻതന്നെ ആയിരുന്നു. എൻ.വി. കൃഷ്ണവാര്യരുടെ 'ഓശാന' ബൈബിൾ ആണ് ഞാൻ പരിശോധിച്ചിട്ടുള്ള പരിഭാഷകളിൽ ആധുനിക മലയാളത്തോട് ഏറ്റവും ഭംഗിയായി ചേർന്നുപോവുന്നത്. എങ്കിലും ഞാൻ അനുദിന ധ്യാനത്തിന് ഉപയോഗിക്കുന്നത് ചാത്തുമേനോൻ പരിഭാഷതന്നെയാണ്. (ഇതാണ് ബെയ്‌ലിയുടെ പേരിൽ അറിയപ്പെടുന്ന 'സത്യവേദപുസ്തകം' എന്ന ഭാഷാന്തരം).

ഇത്രയും പുരാവൃത്തം പറഞ്ഞത് എൻജിനിയറിങ് ഹോസ്റ്റലിനടുത്ത് ഹനുമാൻ കോവിൽ, മറ്റിയർ പള്ളി, ക്രൈസ്റ്റ് ചർച്ച്, ലത്തീൻ പള്ളി, പാളയം മസ്ജിദ്, തൊട്ടടുത്ത ശ്രീശക്തി വിനായക ക്ഷേത്രം, പിന്നിലെ തകരപ്പള്ളി എല്ലാം ഏകയോഗക്ഷേമമായി നിൽക്കുന്ന ദൃശ്യം എന്നെ അത്ഭുതപ്പെടുത്തിയില്ല എന്ന് പറയാനാണ്.

ഹനുമാൻകോവിലിന്റെ കഥ ആദ്യം പറയാം, ബ്രിട്ടീഷ് പട്ടാളം കൊല്ലത്തേക്ക് മാറിയതിനുശേഷം പല ദശാബ്ദങ്ങൾ തിരുവനന്തപുരത്ത് ഒരു പാളയം ഉണ്ടായിരുന്നില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തങ്ങളുടെ സുരക്ഷയ്ക്ക് വിശ്വസ്തരായ ഒരു നായർപട്ടാളം ചെറിയതോതിൽ എങ്കിലും ഉണ്ടാകണമെന്ന് റാണി ആഗ്രഹിച്ചു. പിൽക്കാലത്ത് സ്റ്റേറ്റ് ഫോഴ്സ് ആയി വികസിച്ചത് ഈ ചെറിയ സംഘം ആണ്. പുത്തൻകച്ചേരി പണി തുടങ്ങുമ്പോളും അവർ അവിടെയായിരുന്നു. പിന്നീടാണ് പാളയം അവരുടെ പാളയം ആയത്.

കൂടെ പറയട്ടെ. ഓലക്കാൽ, ശീലക്കാൽ ഇവരുടെ പ്രയോഗമാണ്.

സായിപ്പ് നായർപട്ടാളത്തെ ലെഫ്റ്റ് റൈറ്റ് പഠിപ്പിക്കാൻ കണ്ടെത്തിയതാണ് ഒരു കാലിൽ ഓലയും മറ്റേ കാലിൽ ശീലയും കെട്ടിയ പ്രയോഗം. മലയാളംകൊണ്ട് പട്ടാളപരിശീലനം നടത്താം എന്ന് നാം തെളിയിച്ചു. തോക്ക് തോളേ ബയ്, കാലകത്തിക്കുത്ത്, കാൽക്കൂട്ടിക്കുത്ത്. എവിടെയാണ് പോരായ്മ? അറ്റൻഷൻ, സ്റ്റാൻഡറ്റീസ്, കമേഥ ശസ്ത്ര്.

പിൽക്കാലത്ത് പട്ടാളം പാങ്ങോട്ടേയ്ക്കു മാറി. ഹനുമാൻ കോവിലും അവർ മാറ്റി. അത് ശുഭമായില്ല. നമ്മുടെ സൈനികരുടെ ഇഷ്ടദേവതയാണ് ഹനുമാൻ. ബിഹാർ റജിമെന്റിന്റെ പോർവിളി തന്നെ ജയ് ബജ്‌രങ് ബലി എന്നാണ്. അതുകൊണ്ട് നായർപട്ടാളത്തിന് ഹനുമാൻ കോവിൽ ഉണ്ടായതിൽ പ്രത്യേകതയൊന്നുമില്ല. എന്നാൽ ഈശ്വരന് ചില സ്ഥലങ്ങളോട് മമത കൂടും. എല്ലാ മതങ്ങളിലും ഉള്ളതാണ് ഈ സങ്കല്പം. ബൈബിളിൽ പഴയ നിയമത്തിൽ ജ്ഞാനിയായ ശലോ

മോൻ യരുശലേം ദേവാലയം നിർമ്മിച്ച കഥ പറയുന്നുണ്ട്. ആ സ്ഥലത്തിൻെറ വിവരണം ഈശ്വരൻ തനിക്കായി തിരഞ്ഞെടുത്ത സ്ഥലം എന്നാണ്. ചക്രവർത്തി തിരഞ്ഞെടുത്ത സ്ഥലം എന്നല്ല. സെക്രട്ടേറിയറ്റിനടുത്തുള്ള സെൻറ് പീറ്റേഴ്സ് പള്ളി വിളിച്ചാൽ വിളികേൾക്കുന്ന ഇടമാണ്. സ്ഥലത്തിൻെറ പഴയ ഉടമസ്ഥന് മൂന്ന് മക്കൾ. നടുവിലാന് നടുക്കണ്ടം. ആൾ ഇന്ദ്രപ്രസ്ഥത്തിലായതിനാൽ കൂടെപ്പിറപ്പുകൾ വീട് വച്ചപ്പോൾ ഈ ഇടം ഒഴിഞ്ഞുകിടന്നു. അകാലമരണം ഭാര്യയെ വി



ധവയാക്കി. എന്നാൽ അവർ ബംഗാളി സ്ത്രീ ആയതിനാൽ ദൽഹിയിൽ തുടർന്നു. ഒരേയൊരു മകൻ. അവന് ഐ.എ.എസ്. കിട്ടി. നിയമനം ബിഹാറിൽ. അതോടെ കേരളത്തിലെ സ്ഥലം വിൽക്കാൻ തീരുമാനിച്ചു. ഏൽപിച്ചത് ഈ ഇടവകയിലെ ഒരു കാരണവരെ. കൃത്യം, പള്ളിക്കാർ ഒരു സ്ഥലം തേടിക്കൊണ്ടിരുന്ന സമയം. അതുപോലെ പാളയത്ത് ഒരു ഹനുമാൻ കോവിൽ ഉണ്ടാകണം എന്നത് ഈശ്വര നിശ്ചയം ആയിരുന്നു. അത് തിരിച്ചറിയാതെ പാങ്ങോട്ടേയ്ക്ക് പട്ടാളവണ്ടിയിൽ കയറ്റിയിറക്കാനുള്ള വെറും പ്രതിമയല്ല പാളയത്തെ ആഞ്ജനേയൻ. പാങ്ങോട്ട് കുടിയിരുത്താൻ ശ്രമിച്ച പട്ടാളപൂജാരിക്ക് ഇടയ്ക്ക് ഓടേണ്ടിവന്നു. തലേന്നത്തെ അത്താഴം വയറിന് പിടിച്ചില്ല. പൂജാരിയുടെ ശൗചം പൂർത്തിയായാൽ പട്ടാളമേധാവിയുടെ ഊഴമായി. മിലിട്ടറി ക്യാമ്പിലാകെ ആരോ ബ്രൂക്ക് ലാക്സ് ഗുളിക വിതരണം ചെയ്തത് പോലെ. ഒടുവിൽ ആഞ്ജനേയനെ പാളയത്ത് തിരികെ എത്തിക്കാൻ തീരുമാനമായി. കുതിരലായത്തിലെ പ്രതിഷ്ഠ ദേവസ്വം ബോർഡല്ലാതെ ആര് നോക്കാൻ? അങ്ങനെയാണ് നായർ പട്ടാളത്തിൻെറ ആഞ്ജനേയൻ നാട്ടുകാരുടെ സർവാഭീഷ്ടദായകനായത്. ശുചീന്ദ്രത്തെ പോലെ തന്നെ വടമാലയാണ് ഇവിടെയും പ്രധാന വഴിപാട്. വികാസ് ഭവൻ പണിയാൻ ആലോചിച്ച കാലത്താണെന്ന് തോന്നുന്നു ആ വലിയ അരയാൽ ലേലം ചെയ്തത്. ലേലം കൊണ്ടയാൾ വെട്ടാൻ വന്നപ്പോൾ പതിവില്ലാതെ കുരങ്ങന്മാരുടെ കളി. കണ്ടവർ കണ്ടവർ വിരണ്ടു. ലേലം റദ്ദായി. ഹനുമാൻ കോവിൽ കൂടുതൽ പ്രശസ്തമായി തുടർന്നു.

കൂടെപറയണം വലിയ വലിയ തമ്പുരാക്കന്മാർ ഭരിച്ചിട്ടും ദേവസ്വം ബോർഡ് ദേവീദേവന്മാരെ പട്ടാളക്കാരാക്കുന്ന പരിപാടി തുടരുന്നുണ്ട്. സാധാരണ മേജർ ദേവി എന്ന് കേട്ടാൽ മിലിട്ടറി നഴ്സ് എന്ന് ഗ്രഹിക്കും. മേജർ മഹാദേവൻ എന്ന് കേട്ടാൽ അഗ്രഹാരത്തിലെ പയ്യന് പട്ടാളത്തിലാണ് ജോലി എന്ന് ഗ്രഹിക്കും. ഇനി തിരുവിതാംകൂറിലെ വഴിയോരങ്ങളിലെ ക്ഷേത്രങ്ങളുടെ ബോർഡുകൾ ശ്രദ്ധിക്കുക. മേജർ മഹാദേവ ക്ഷേത്രം, മേജർ ദേവീക്ഷേത്രം. ബോർഡിൻെറ പ്രസിഡൻറ് കുലീനനും വിവേകമതിയും ആയ എം.പി.ഗോവിന്ദൻ നായർ സാറിനോട് ഈയിടെ പറഞ്ഞപ്പോൾ അദ്ദേഹം പോംവഴി കാണാമെന്ന് പറഞ്ഞിട്ടുണ്ട്.

ക്ഷേത്രം, മഹാക്ഷേത്രം എന്ന മട്ടിൽ മൂന്നോ നാലോ സംജ്ഞകൾ മലയാളത്തിലോ സംസ്കൃതത്തിലോ കണ്ടെത്തുക പ്രയാസമല്ലല്ലോ. മർത്ത് മറിയം പള്ളി, മർത്ത് മറിയം വലിയപള്ളി, മർത്ത് മറിയം കത്തീഡ്രൽ, മർത്ത് മറിയം സിംഹാസനപ്പള്ളി എന്നൊക്ക സുറിയാനി ക്രിസ്ത്യാനികൾ എഴുതുമ്പോലെ വല്ലതും. മേജർ മർത്ത് മറിയം, വലിയ മർത്ത് മറിയം എന്നൊക്കെ എഴുതുന്നത് അഭംഗിയല്ലേ? പരമശിവനെ മേജർ മഹാദേവനും മൈനർ മഹാദേവനും ആക്കുന്നത് ഈശ്വരനിന്ദയാണ്.

തൊട്ടടുത്തുള്ള ക്രൈസ്റ്റ് ചർച്ചിനും ഉണ്ട് ഇതുപോലെ ഒരു ചരിത്രം. നായർപട്ടാളം പാളയത്ത് തമ്പടിക്കുന്നതിന് മുൻപാണ് ആ കഥ തുടങ്ങുന്നത്. 1817–ൽ കൊല്ലത്ത് ബ്രിട്ടീഷ് പട്ടാളത്തിൻെറ ചാപ്ളയിൻ ആയിരുന്ന ഹച്ചിൻസൺ തിരുവനന്തപുരത്തെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് വേണ്ടി മാസത്തിലൊരിക്കൽ പൂജ നടത്തി വന്നു. ഇന്ത്യയിലെ ആദ്യത്തെ ആംഗ്ലിക്കൻ ബിഷപ് മിഡിൽടൺ കൽപിച്ചതനുസരിച്ചായിരുന്നു അത്. സായിപ്പുമാരുടെ വീട്ടുജോലിക്കാരും വിരളമായെങ്കിലും സർക്കാരുദ്യോഗസ്ഥരും ആയ തമിഴ് ക്രിസ്ത്യാനികൾക്കായി ഇംഗ്ലീഷ് അറിയുന്ന ഒരു തമിഴ് ക്രിസ്ത്യാനി- ഒരു മിസ്റ്റർ ക്രിസ്റ്റിയൻ ഡേവിഡ് - 1837–ൽ തമിഴിൽ ആരാധന തുടങ്ങി. വൈകാതെ റവറൻറ് മാത്തൻ, മിസ്റ്റർ ചാണ്ടി എന്നിവർ മലയാളത്തിലും. ധ്വരമാർ ആരാധിച്ചിരുന്നത് ബ്രിട്ടീഷ് റസിഡൻറിൻെറ ബംഗ്ലാവിൽ. അത് കല്ലൻ സായ്വിൻെറ കാലത്ത് തുടങ്ങി. പിന്നെ വിദേശികൾക്കും നാട്ടുകാർക്കും ആരാധിക്കുവാൻ പള്ളി പണിയാനുള്ള ശ്രമം. 2600 രൂപാ പള്ളി വേണ്ടവർ പിരിച്ചെടുത്തു. അത്രയും തുക മദ്രാസ് ഗവർണർ നൽകി.

പാളയത്ത് ആവശ്യമായ സ്ഥലവും തടിയും നിർമ്മാണത്തിൻെറ മേൽനോട്ടവും തിരുവിതാംകൂർ രാജകുടുംബം വക. 1858–ൽ ഉത്രം തിരുനാളിൻെറ സാന്നിധ്യത്തിൽ ജനറൽ കല്ലൻ ശിലാസ്ഥാപനം നടത്തി. 1859 അവസാനം മദ്രാസിലെ ബിഷപ് ഡിയാൾട്രി 'ക്രൈസ്റ്റ് ചർച്ച്' എന്ന പേരിൽ ദേവാലയം പ്രതിഷ്ഠിച്ചു. വാർ മെമ്മോറിയൽ സ്ഥാപിച്ചത് ആ പള്ളിയുടെ വളപ്പിലായിരുന്നു. സ്ഥലം കരമൊഴിവായി കൊടുത്തത് മഹാരാജാവിൻെറയും കിട്ടിയ സ്ഥലത്തിൽ കുറെ റോഡു വികസനത്തിനായി തിരിച്ചുകൊടുത്തത് സഭയുടെയും നന്മ. ക്രമേണ സുറിയാനിക്കാർ കൂടുതലായി ഉദ്യോഗത്തിനും മറ്റും തിരുവനന്തപുരത്ത് എത്തി. വടക്കൻ തിരുവിതാംകൂറിലെ സുറിയാനിക്കാരുടെ സവർണ്ണ മനോഭാവം നാടാർ മെത്രാന്മാരെ ഒരിക്കലും അധികാരികളായി അംഗീകരിച്ചില്ല. ക്രൈസ്റ്റ് ചർച്ചിൻെറ ഭരണം കോട്ടയത്തെ സുറിയാനി മെത്രാൻെറ അട്ടിപ്പേറാണ് ഇന്നും.

നാടാർ വിഭാഗത്തിൻെറ പള്ളിയാണ് മനോഹരമായ മറ്റിയർ (എം.എം.) ചർച്ച്. രാമറാവു ലാമ്പിനടുത്ത് കാണുന്ന കരിങ്കൽ കെട്ട്. 1806–ൽ കന്യാകുമാരിയിലെ മൈലാടിയിൽ എത്തിയ റിങ്കിൾടോബ് എന്ന മിഷണറിയിൽ നിന്നാണ് തെക്കൻ തിരുവിതാംകൂറിൽ പ്രോട്ടസ്റ്റൻറ് മിഷണറിമാരുടെ തുടക്കം.

കേണൽ ഫ്രേസർ ആയിരുന്നു റസിഡൻറ്. റിങ്കിൾടോബിൻെറ പിൻഗാമി ചാൾസ് മീഡ് ഫ്രേസറിനെ സമീപിച്ചെങ്കിലും തിരുവനന്തപുരത്ത് സ്ഥലം അനുവദിച്ചില്ല. അധഃസ്ഥിതരുടെ ആവശ്യങ്ങളുമായി തലവേദന സൃഷ്ടിക്കുന്നവരായി മിഷണറിമാരെ കണ്ടവരായിരുന്നുവല്ലോ ബ്രിട്ടീഷ് ഭരണാധികാരികളിൽ മിക്കവരും. മീഡിൻെറ പേരിലാണ് യൂണിവേഴ്സിറ്റി കോളേജിന് മുന്നിലെ മീഡ്സ് ലെയ്ൻ. മീഡിൻെറ പിൻഗാമി കോക്സ്. കോക്സിൻെറ കാലത്താണ് മഹാരാജാവ് കണ്ണൻമൂലയിൽ അവർക്ക് സ്ഥലം കൊടുത്തത്. അത് പ്രേതഭൂമി. സന്ധ്യകഴിഞ്ഞാൽ ആരും വഴിനടക്കയില്ല. കോക്സ് അവിടെ വീട് വച്ചു. കോക്സിൻെറ പിൻഗാമി മറ്റിയർ. അദ്ദേഹമാണ് ക്യാപ്റ്റൻ ഡേവിഡ്സൺ എന്ന ധ്വരയുടെ പതിനാറേക്കർ സ്ഥലം (ഇന്നത്തെ എല്ലെമ്മെസ് കോംപൗണ്ട്). ഒൻപതിനായിരം രൂപയ്ക്ക് വാങ്ങിയത്. 1906 ഡിസമ്പർ 6ന് മറ്റിയർ മെമ്മോറിയൽ ചർച്ച് പ്രതിഷ്ഠിതമായി. മറ്റിയർ സേവനം അവസാനിപ്പിച്ചിട്ട് അപ്പോഴേയ്ക്ക് പതിനഞ്ച് സംവത്സരങ്ങൾ കഴിഞ്ഞിരുന്നു.

പാളയത്തെ വലിയ കത്തീഡ്രലിൻെറയും കേരളത്തിലെ മുസ്ലിം ആരാധനാലയങ്ങളുടെയും വാസ്തുശില്പ മാതൃകയിൽ പൊതുവായ മാറ്റം കുറിച്ച പാളയം മസ്ജിദിൻെറയും കഥ പിറകെ പറയാം; ഇപ്പോൾ സ്ഥലം പോരാ. അതുപോലെ തന്നെ രണ്ട് മിഷണറി പ്രണയങ്ങളുടെ കഥയും ഉണ്ട് ഇവിടെ പറയേണ്ടതായി. മീഡ് വിദ്യാസമ്പന്നയായ ഒരു ദളിത് യുവതിയെയും കോക്സ് സംസ്കൃതചിത്തയായ ഒരു ഈഴവ വനിതയെയും വിവാഹം ചെയ്തതിനെ തുടർന്ന് മിഷണറിമാർ അവരെ ഒതുക്കിയ കഥ. അതൊക്കെ നമുക്ക് പിറകെ പറയാം.